പത്രക്കുറിപ്പ്
29-11-2018

# ഡിസംബർ ഒന്നു മുതൽ 43 ലക്ഷം അയൽക്കൂട്ട വനിതകൾ വീണ്ടും കുടുംബശ്രീ സ്കൂളിലേക്ക്:

## രണ്ടാംഘട്ട ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾ ഡിസംബർ ഒന്നു മുതൽ 2019 ജനുവരി 13 വരെ

തിരുവനന്തപുരം: സംസ്ഥാനത്തെ 43 ലക്ഷം അയൽക്കൂട്ട വനിതകളുടെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ പുരോഗതിയും വ്യക്തിത്വ വികസനവും ലക്ഷ്യമിട്ടു സംഘടിപ്പിക്കുന്ന സമൂഹാധിഷ്ഠിത സ്വയം പഠന പ്രക്രിയ 'കുടുംബശ്രീ സ്കൂൾ' രണ്ടാം ഘട്ട ക്യാമ്പെയ്ൻ ഡിസംബർ ഒന്നിന് ആരംഭിക്കും. കേരളത്തിലെ രണ്ടര ലക്ഷം അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന ഈ അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയിലൂടെ കുടുംബശ്രീ വനിതകളുടെ ബൗദ്ധിക നിലവാരവും ഇച്ഛാശക്തിയും ഉയർത്തുന്നതിനായി വിവിധ വിഷയങ്ങളിൽ അറിവ് നൽകുക എന്നതാണ് ലക്ഷ്യമിടുന്നത്. ഡിസംബർ ഒന്നു മുതൽ 2019 ജനുവരി 13 വരെയാണ് കുടുംബശ്രീ സ്കൂൾ രണ്ടാംഘട്ട ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾ നടക്കുക.

കുടുംബശ്രീ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിന്റെ അടിത്തറയായ അയൽക്കൂട്ടങ്ങൾക്ക് സാമൂഹ്യ സാമ്പത്തിക ശാക്തീകരണത്തോടൊപ്പം അവരുടെ വിജ്ഞാന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള കുടുംബശ്രീയുടെ പരിശ്രമങ്ങളുടെ ഭാഗമാണ് പദ്ധതി. സാധാരണക്കാരായ അയൽക്കൂട്ട വനിതകളെ സാമൂഹ്യ ഉത്തരവാദിത്വത്തെ കുറിച്ച് ബോധവതികളാക്കുന്നതോടൊപ്പം സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനും മദ്യവും മയക്കുമരുന്നും പോലുള്ള വിപത്തുകളിൽ നിന്നും സമൂഹത്തെ രക്ഷിക്കുന്നതിനുമുള്ള പരിശ്രമങ്ങളുടെ ഭാഗമാകുന്നതിനും കുടുംബശ്രീ സ്കൂൾ ഒന്നാം ഘട്ട പദ്ധതിക്ക് കഴിഞ്ഞിരുന്നു. ഇതുവഴി സാമൂഹ്യമാറ്റത്തിനായി ക്രിയാത്മകമായ ഇടപെടലുകൾ നടത്താനും സാധിച്ചിരുന്നു. ഇതിന്റെ തുടർച്ചയായിട്ടാണ് രണ്ടാം ഘട്ടവും നടപ്പാക്കുന്നത്. പരിശീലനത്തിൽ അയൽക്കൂട്ടങ്ങളുടെ പൂർണപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനജില്ലാമിഷൻ ഉദ്യോഗസ്ഥരും സി.ഡി.എസ് ഭാരവാഹികളും സംയുക്തമായി മേൽനോട്ടം വഹിക്കും.

സ്ത്രീകളുടെ വ്യക്തിത്വ വികസനം, നേതൃത്വപാടവം, അവകാശങ്ങളെ കുറിച്ചുള്ള അറിവ്, കാര്യശേഷി വികസനം എന്നിവയിൽ പരിശീലനം നൽകും. അയൽക്കൂട്ട വനിതകളെ കുടുംബത്തിന്റെയും അയൽക്കൂട്ടത്തിന്റെയും കാര്യക്ഷമമായ ധനവിനിയോഗത്തിന് പ്രാപ്തരാക്കുക, പ്രകൃതി ദുരന്തങ്ങളെ നേരിടേണ്ടി വരുന്ന സാഹചര്യത്തിൽ ദുരന്തനിവാരണ സന്നദ്ധ സേനയായി പ്രവർത്തിക്കുന്നതിനുള്ള കഴിവു നേടുക, കുടുംബശ്രീ പദ്ധതികളുടെ നടത്തിപ്പിലും വിലയിരുത്തലിലും ക്രിയാത്മകമായ പിന്തുണ നൽകുക, അയൽക്കൂട്ട പ്രവർത്തനങ്ങളെയും ലഘുസമ്പാദ്യ വായ്പാ പ്രവർത്തനങ്ങളെയും ക്രമപ്പെടുത്തുക, അയൽക്കൂട്ട അംഗങ്ങൾക്ക് കണക്കെഴുത്തുകൾ കുറ്റമറ്റ രീതിയിൽ നടത്താനുള്ള പ്രായോഗികമായ അറിവും കഴിവും നൽകുക, പ്രാദേശിക വികസനത്തിലും അതുമായി ബന്ധപ്പെട്ട ആസൂത്രണത്തിലും പദ്ധതികളുടെ നടത്തിപ്പിലും പ്രാദേശിക കൂട്ടായ്മ എന്ന നിലയിൽ അയൽക്കൂട്ട അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കുടുംബശ്രീ സ്കൂൾ രണ്ടാം ഘട്ടം നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി അയൽക്കൂട്ടവനിതകൾക്ക് പരിശീലനം നൽകുന്നതിന് വിദഗ്ധരുടെ നേതൃത്വത്തിൽ ആറ് വ്യത്യസ്ത പാഠ്യവിഷയങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. പരിശീലനത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷം സംഘടിപ്പിച്ച കുടുംബശ്രീ സ്കൂൾ ആദ്യഘട്ട പ്രവർത്തനങ്ങളുടെ അവലോകനവും നടക്കും. പരിശീലന പരിപാടിയുടെ ഭാഗമായി നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും മൊബൈൽ ആപ്ലിക്കേഷൻ വഴി തൽസമയം രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങളും പൂർത്തിയായിട്ടുണ്ട്.

ഇത്തവണ ഏഴ് അയൽക്കൂട്ടങ്ങൾക്ക് ഒരധ്യാപകൻ എന്ന കണക്കിൽ സംസ്ഥാനമൊട്ടാകെ സന്നദ്ധ സേവന മാതൃകയിൽ പ്രവർത്തിക്കാൻ താൽപര്യമുള്ള 43,000 അധ്യാപകരുടെ നേതൃത്വത്തിലാണ്

കുടുംബശ്രീ സ്കൂൾ രണ്ടാം ഘട്ട ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. വിരമിച്ച അധ്യാപകർ, സാമൂഹ്യ സാംസ്കാരിക മേഖലയിലെ വിദഗ്ധർ, സന്നദ്ധ പ്രവർത്തനത്തിന് തയ്യാറുള്ള കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ മുൻ ഭാരവാഹികൾ, പരിശീലകർ, വിവിധ മേഖലകളിൽ പ്രാഗൽഭ്യം നേടിയ വ്യക്തികൾ എന്നിവരായിരിക്കും കുടുംബശ്രീ സ്കൂളിൽ അയൽക്കൂട്ട വനിതകൾക്ക് പരിശീലനം നൽകുക. അയൽക്കൂട്ട യോഗങ്ങൾ ചേരുമ്പോൾ രണ്ടു മണിക്കൂർ വീതം ഏഴ് ആഴ്ചകളിലായാണ് പരിശീലനം. ഇപ്രകാരം 12 മണിക്കൂറും സജീവമായി പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് സർട്ടിഫിക്കറ്റും നൽകും. പദ്ധതി നടപ്പാക്കുന്നതിന് വിവിധ വകുപ്പുകളുടെ സംയോജനവും തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണവും കുടുംബശ്രീ ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടാതെ പരിശീലന പരിപാടിയ്ക്ക് കൂടുതൽ പ്രചാരം നൽകുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജനപ്രതിനിധികളും പങ്കെടുക്കും. ഓരോ ജില്ലയിലും നടക്കുന്ന പരിശീലന പരിപാടികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചുമതല അതത് ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ